# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE
PATTOM, TRIVANDRUM-695004

Prot. No. CCL 3/2018

21 March 2018

## സർക്കുലർ

## സെമിനാരി ദിനം 2018

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിലാകമാനം പുതുഞായർ സെമിനാരി ദിനമായി ആചരിക്കുകയാണല്ലോ. പൗരോഹിത്യ ദൈവവിളിയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും വൈദികപരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും സെമിനാരി ദിനാചരണം നമ്മെ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം അതിശ്രേഷ്ഠമായ ഒരു ദാനവും വിശുദ്ധമായ ഒരു ദൗത്യവുമാണ്. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തിരിക്കുന്നത്എന്ന തിരുവചനത്തിലൂടെ യേശു പൗരോഹിത്യവിളിയുടെ അതിസ്വാഭാവികമാനം വെളിപ്പെടുത്തുന്നു. എന്നാൽ ഈ വിളിക്ക് പ്രത്യുത്തരം നല്കുന്ന വ്യക്തി ബലഹീനനായ മനുഷ്യനാണ്. സാധാരണ മനുഷ്യരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോഹിതർ. ജനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരോ പുരോഹിതനും ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കാൻ നിയമിക്കപ്പെട്ടിരിക്കുന്നു (ഹെബ്രായർ 5:1).

പൗരോഹിത്യമെന്ന മഹാദാനം ബലഹീനമായ മനുഷ്യകരങ്ങളിലാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് ചുരുക്കം. മാനുഷിക സാഹചര്യങ്ങളിൽ നിന്നും വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ സുവിശേഷ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്നതും അതേ സാഹചര്യങ്ങളിലേക്കാണ്. ഈ കാരണത്താൽ പൗരോഹിത്യവും പൗരോഹിത്യ ശുശ്രൂഷയും നിരന്തരം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു.

ആയതിനാൽ ലോകത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിൽ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ സജീവവും സുതാര്യവുമായ പ്രതിരൂപമായിത്തീരാൻ പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നു. സ്വഭാവത്തിലും, ദൗത്യത്തിലും പുരോഹിതർ യേശുക്രിസ്തുവിന്റെ മാതൃകയിലായിരിക്കണം. അപ്പോൾ മാത്രമേ അദൃശ്യനായ ക്രിസ്തു തന്റെ പുരോഹിതരിലൂടെ ഇന്ന് ലോകത്തിൽ ദൃശ്യമാവുകയുള്ളൂ. സമൂഹത്തിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുവാൻ ഓരോ പുരോഹിതനും സാധിക്കണം. പുരോഹിതന്റെ ജീവിതവും ശുശ്രൂഷയും ഓരോ യുഗത്തിനും ജീവിതത്തിന്റെ ഓരോ സാഹചര്യത്തിനും ഒത്തിണങ്ങുന്നതുമായിരിക്കണമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമ്മോട് പറയുന്നുണ്ട് (പാസ്തോരെസ് ദാബോ വോബിസ് 5).

ആത്മീയതയും സഭാത്മകതയുമുള്ള കുടുംബങ്ങളിൽനിന്നു മാത്രമേ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളൂ. മാതാപിതാക്കളുടെ ആത്മീയജീവിതവും മാതൃകയുമാണ് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അടിസ്ഥാനമായി നിലനില്ക്കുന്നത്. ഇടവകയിലെ ആത്മീയ ശുശ്രൂഷകളും ദൈവാരാധനയും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായിത്തീരും.

പൗരോഹിത്യ ദൈവവിളിയെക്കുറിച്ചും ദൗത്യങ്ങളെപ്പറ്റിയും ശരിയായ ദർശനവ്യക്തത ലഭിക്കുന്നത് വൈദിക പരിശീലനത്തിലൂടെയാണ്. പുരോഹിതാർത്ഥികളുടെ തിരഞ്ഞെടുപ്പും അവരുടെ പരിശീലനവും പൗരോഹിത്യ ശ്രേഷ്ഠതയെ പ്രകാശമാനമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ദൈവഭക്തിയും സ്നേഹവും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ മുളയെടുക്കുന്ന ദൈവവിളിയെ പരിപോഷിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയുമാണ് വൈദിക പരിശീലനത്തിൽ ചെയ്യേണ്ടതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. അതിനാൽ പൗരോഹിത്യ പരിശീലനം ഏറെ ഗൗരവമായും ശ്രദ്ധയോടെയും നടത്തേണ്ട ഒരു ശുശ്രൂഷയാണ്.

ഓരോ രൂപതയിലും മൈനർ സെമിനാരി പരിശീലനം നല്കുന്നതുവഴി വൈദികാർത്ഥികളിൽ പൗരോഹിത്യത്തെക്കുറിച്ച് ശരിയായ ദർശനം നല്കാൻ സാധിക്കുന്നുണ്ട്. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്നതിലൂടെ ആത്മവിശ്വാസമുള്ളവരും ഉത്തമരും മൂല്യബോധ

മുള്ളവരുമായ പുരോഹിതരെ സഭയ്ക്ക് പ്രദാനം ചെയ്യുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

സെമിനാരി ദിനം ആചരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സഭയിൽ പരിശീലനത്തിലായിരിക്കുന്ന എല്ലാ വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. വൈദികപരിശീലനം വഴിയായി യേശുവിനെ അന്വേഷിച്ച്, അനുഭവിച്ചറിയാനും അവനെ പ്രഘോഷിക്കാനും അവർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ സഭയിൽ വൈദിക പരിശീലനം നല്കുന്ന എല്ലാ ബഹു. വൈദികർക്കും വേണ്ടി ഈ ദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വൈദിക പരിശീലനത്തിൽ നിങ്ങളുടെ സാമ്പത്തികമായ സഹകരണംവഴി ഉൾചേരുന്നതിന് ഈ അവസരത്തിൽ പ്രത്യേകം ഞാൻ ഓർമ്മപ്പെടുത്തുന്നു. വ്യക്തിപരമായോ കുടുംബമായോ നമ്മുടെ സെമിനാരി പരിശീലനത്തിൽ പ്രത്യേകിച്ച് നമ്മുടെ സഭയുടെ ഹൃദയമായ മലങ്കര മേജർ സെമിനാരിയുടെ പരിശീലനത്തിൽ ഉൾപ്പെടുന്നതിന് ആഗ്രഹിക്കുന്നവർ ബഹു. സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെട്ട് ക്രമീകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേതാണ്.*